# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4874      27/06/2014 ൽ മറുപടിക്ക്

## പഞ്ചായത്ത് ജീവനക്കാരുടെ ജോലിഭാരം സംബന്ധിച്ച പഠന റിപ്പോർട്ട്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ: | | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ ജോലി ഭാരം സംബന്ധിച്ച് പഠനം നടത്തുന്നതിന് സമിതിയെ നിയോഗിച്ചിട്ടുണ്ടോ;<br><br>(ബി) എങ്കിൽ പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇതിന്റെ വിശദ വിവരം നൽകുമോ? | (എ) യും (ബി) യും | ഉണ്ട്.<br>ഗ്രാമ പഞ്ചായത്തുകളിലെ സ്റ്റാഫ് സംവിധാനത്തെ കുറിച്ച് വിശദമായി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ എന്നിവർ അംഗങ്ങളായി രണ്ടംഗ സമിതിയെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവായിരുന്നു.പ്രസ്തുത രണ്ടംഗ സമിതിയുടെ പഠന റിപ്പോർട്ട് പഠിച്ച് മതിയായ ശുപാർശകൾ സമർപ്പിക്കുന്നതിനായി തദ്ദേശ സ്വയം ഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി, പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ എന്നിവർ അംഗങ്ങളായി രൂപീകരിച്ച ആറംഗ സമിതിയുടെ ശുപാർശകൾ സർക്കാർ പരിശോധിക്കുകയും സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിൽ 864 അസിസ്റ്റന്റ് സെക്രട്ടറി തസ്തികകളും 990 ക്ലറിക്കൽ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ